# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1088     10.08.2017 ൽ മറുപടിക്ക്**

**ഒട്ടുവള്ളിത്തട്ട്-നടുവിൽ-കടിയൻമല റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ് | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | സി ആർ എഫ് സ്കീമിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച ഒട്ടുവള്ളിത്തട്ട്-നടുവിൽ-കടിയൻമല റോഡ് പ്രവൃത്തിക്ക് വർക്ക് ഓർഡർ നൽകിയോ; എങ്കിൽ എന്നാണ് ഉത്തരവ് നൽകിയത്; | (എ) & (ബി) | പ്രസ്തുത പ്രവൃത്തി തുടങ്ങുന്നതിനായി കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെടുന്നതിനായി കരാറുകാരന് സെലക്ഷൻ നോട്ടീസ് 03.08.2017 ൽ നൽകിയിട്ടുണ്ട്. എഗ്രിമെന്റ് വച്ചാലുടൻ തന്നെ പ്രവൃത്തി തുടങ്ങാൻ കഴിയും. |
| (ബി) | ഇല്ലെങ്കിൽ കാരണം എന്താണ് എന്ന് അറിയിക്കുമോ; | | |
| (സി) | ഇതു സംബന്ധിച്ച ഹൈക്കോടതി വിധി പരിശോധിച്ച നിയമ വകുപ്പ് എന്ത് അഭിപ്രായമാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ; | (സി) | ഒന്നാമത്തെ ബിഡർ, പ്രസ്തുതപ്രവൃത്തിക്കായുള്ള ടെണ്ടർ നടപടികളിൽ നിയമാനുസൃതമായി സമർപ്പിക്കേണ്ട രേഖകൾ സമർപ്പിക്കാത്തതിനാൽ തൊട്ടടുത്ത (L2) ബിഡറാണ് ടെണ്ടർ ലഭിക്കുന്നതിന് യോഗ്യതയുള്ളതെന്ന് നിയമ വകുപ്പ്അഭിപ്രായപ്പെടുകയുണ്ടായി. |
| (ഡി) | ഹൈക്കോടതി വിധി എന്നാണ് ഉണ്ടായത്; | (ഡി) | ഇത് സംബന്ധിച്ച ബഹു. ഹൈക്കോടതിയുടെ വിധി 23.02.2017 ലാണ് ഉണ്ടായത്. |
| (ഇ) | ഹൈക്കോടതി വിധിയും നിയമ വകുപ്പിന്റെ അഭിപ്രായവും പ്രകാരമുള്ള നടപടി സ്വീകരിക്കാതെയിരിക്കാൻ കാരണം വെളിപ്പെടുത്തുമോ; | (ഇ) & | ബഹു.ഹൈക്കോടതിയുടെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ അതിലെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് 01.08.2017 ൽ നാഷണൽ ഹൈവേ വിഭാഗം ചീഫ് എഞ്ചിനീയർക്ക് |

| | | | |
|---|---|---|---|
| (എഫ്) | പൊതുമരാമത്തു മന്ത്രി 18.05.2017 ൽ വിളിച്ചു ചേർത്ത കോൺഫറൻസിൽ നിയമ വകുപ്പിന്റെ നിർദ്ദേശപ്രകാരം നടപടി സ്വീകരിക്കാൻ കൈക്കൊണ്ട തീരുമാനം നടപ്പിലാക്കാതെ-യിരിക്കാൻ കാരണം എന്താണ്? | (എഫ്) | നിർദ്ദേശം നൽകുകയും 05.08.2017 തീയതിയിൽ സ.ഉ.(സാധാ) നം.1170/ 2017/പൊ.മ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. |

S. Brijan

**സെക്ഷൻ ഓഫീസർ**